## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.249    02.04.2013 - ൽ മറുപടിക്ക്**

## റോഡുവികസനത്തിന് ലോകബാങ്കുമായി കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി<br>ശ്രീ. റ്റി.എൻ.പ്രതാപൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡു വികസനത്തിന് ധനസഹായം ലഭ്യമാക്കാൻ ലോക ബാങ്കുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത കരാർ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) & (ബി) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തിലെ റോഡുവികസനത്തിനായി 2403 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പിന്റെയും ലോകബാങ്കിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ലോകബാങ്കുമായി 15.03.2013 -ൽ നടത്തിയ അവസാനഘട്ട ചർച്ചകളെ തുടർന്ന് 1166 കോടി രൂപയുടെ ലോക ബാങ്ക് സഹായത്തിന് ധാരണയായിട്ടുണ്ട്. |
| (സി) ഏതെല്ലാം റോഡു വികസന പദ്ധതികളാണ് ലോകബാങ്ക് സഹായം വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; | (സി) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽപ്പെടുത്തി 363 കി.മീ. ദൈർഘ്യമുള്ള താഴെപ്പറയുന്ന പ്രധാന 6 റോഡുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്:-<br>1. പിലാത്തറ – പാപ്പിനിശ്ശേരി റോഡ് - 20.90 കി.മീ.<br>2. കാസറഗോഡ് – കാഞ്ഞങ്ങാട് റോഡ് - 27.76 കി.മീ. |

3. തലശ്ശേരി – വളവുപാറ റോഡ്
- 53.12 കി.മീ.
4. ചെങ്ങന്നൂർ- ഏറ്റുമാന്നൂർ
-മൂവാറ്റുപുഴ റോഡ് - 87.90 കി.മീ.
5. പുനലൂർ-പൊൻകുന്നം-തൊടുപുഴ
റോഡ് - 132.22 കി.മീ.
6. പെരുമ്പിലാവ് -പട്ടാമ്പി
-പെരിന്തൽമണ്ണ റോഡ്
– 41 .00 കി.മീ.

(ഡി) എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്ക് ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നത്; വിശദ വിവരം ലഭ്യമാക്കുമോ?

(ഡി) കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിക്ക് 2403 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലോകബാങ്കിൽ നിന്നും ധന സഹായമായി 1166 കോടി രൂപ ഈ പദ്ധതിയ്ക്ക് ലഭിക്കുന്നതാണ്. ബാക്കി തുക സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

സെക്ഷൻ ഓഫീസർ